കയും ചെയ്യുന്നതിന്റെ ഫലമായിട്ട് ഇവിടത്തെ ഭാഗ്യക്കുറി ടിക്കറ്റിന്റെ വിൽപ്പന കുറഞ്ഞുപോയിട്ടുണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: മുൻപു ചോദിച്ച ചോദ്യം വേറൊരു ഭാഷയിൽ ചോദിച്ചെന്നേയുള്ളൂ. ആ നിലക്ക് ഇത് പരിശോധിക്കാതെ പറയാൻ പറ്റുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: ലോട്ടറി ഇവിടെ തുടങ്ങിയ അവസരത്തിൽ ലോട്ടറിയിൽ നിന്നും കിട്ടുന്ന ആദായം സാമൂഹ്യക്ഷേമകാര്യങ്ങൾക്ക് വിനിയോഗിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതിനു ശേഷം ഇത് റവന്യൂ വരവിലേക്ക് മുതൽ കൂട്ടിക്കൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. അങ്ങനെ ഒരു നയം മാറ്റം വരുത്താൻ കാരണമെന്താണ് ? ഇതിൽ നിന്നു കിട്ടുന്ന ആദായം നയപ്രഖ്യാപനമനുസരിച്ച് സാമൂഹ്യക്ഷേമ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് വേണ്ട നടപടി നടത്താൻ തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഗവൺമെന്റിന്റെ മൊത്തത്തിലുള്ള തീരുമാനമനുസരിച്ചാണ് ഇതിൽ നിന്നു കിട്ടുന്ന ആദായം ജനറൽ റവന്യൂ വരവിലേക്ക് ചേർത്തിരിക്കുന്നത്. ജനറൽ റവന്യൂവിൽ നിന്ന് ഡെവലപ്പ്മെന്റൽ ആക്ടിവിറ്റീസിന് ഇത്രയെന്ന് നീക്കിവയ്ക്കുകയാണ് സാധാരണ ചെയ്യുന്നത്. ജനറൽ റവന്യൂവിൽ നിന്ന് എടുത്ത് പ്രത്യേകം പ്രത്യേകം മാറ്റിയാൽ അത് പ്ലാൻ സ്കീമിനെ എങ്ങനെ ബാധിക്കുമെന്നു നോക്കാതെ പറയാൻ പറ്റുകയില്ല.

(ii) WRITTEN ANSWERS

STARTING OF UNIVERSITY AT ERNAKULAM

* 269 [943] **Shri S. P. Luiz:** Will the Education Minister be pleased to state:

(a) How many representations have been received by the Honourable Minister regarding the starting of the University at Ernakulam ;

(b) Will the Government be pleased to issue immediate orders for the starting of the University at Ernakulam?

Education Minister **(Shri C. H. Mohammed Koya)**

(a) Government have been receiving representations in the matter from 1967 onwards. As the period has not been specified it is not possible to give the definite number of representations.

(b) It is under consideration of the Government.

പുതിയ യൂണിവേഴ്സിറ്റി

* 270 [946] ശ്രീ. എ. എസ്. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എവിടെ സ്ഥാപിക്കുവാനാണു ഉദ്ദേശിക്കുന്നത്;

(സി) എറണാകുളത്ത് യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്നു വല്ല നിവേദനവും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): (എ, ബി, സി) കോഴിക്കോട്ടേയും എറണാകുളത്തേയും യൂണിവേഴ്സിറ്റി സെൻറേറുകളെ യൂണിവേഴ്സിറ്റികളായി ഉയർത്തണമെന്ന് 1967-ൽ ഗവൺമെൻറു തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ കോഴിക്കോട്ട് സെൻറർ, യൂണിവേഴ്സിറ്റിയായി ഉയർത്തിക്കഴിഞ്ഞു. എറണാകുളം സെൻറർ യൂണിവേഴ്സിറ്റിയായി ഉയർത്തുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്. ഇക്കാര്യത്തിൽ പല നിവേദനങ്ങളും ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്.

ഹിന്ദി ട്രെയിനിംഗ് കോളേജുകൾ

* 271 [953] ശ്രീ. പി. പി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഹിന്ദി ട്രെയിനിംഗ് കോളേജുകൾ നിർത്തലാക്കിയതിൻെറ കാരണം എന്താണ് ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും പരാതികൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു.

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ) : സംസ്ഥാനത്തെ ചില ഹൈസ്കൂളുകളോടനുബന്ധിച്ച് മലയാളം, തമിഴ്, കർണ്ണാടകം, അറബി, ഉറുദു എന്നീ പ്രാദേശികഭാഷകൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഉദ്ദേശിച്ച് ഭാഷാദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ നടത്തിപ്പോരുന്നുണ്ട്. ഭാഷാദ്ധ്യാപകർക്ക് നൽകുന്ന പരിശീലനത്തിൽ നിന്ന് വിഭിന്നമല്ലാത്ത പരിശീലനമാണ് ഹിന്ദി അദ്ധ്യാപകർക്കായി ഹിന്ദി ട്രെയിനിംഗ് കോളേജുകളിൽ നൽകിക്കൊണ്ടിരുന്നത്. ഹിന്ദി ട്രെയിനിംഗ് കോളേജുകൾ ഏതെങ്കിലും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടില്ല. ഇവിടത്തെ പരീക്ഷകൾ നടത്തുന്ന ചുമതലയും ഗവൺമെൻറു പരീക്ഷാ കൺട്രോളറിൽ നിക്ഷിപ്തമായിരുന്നു. കേന്ദ്ര ഗവൺമെൻറിൻെറ ആഭിമുഖ്യത്തിലുള്ള പദ്ധതി പ്രകാരം ഈ കോളേജുകളെ സംബന്ധിച്ച് മുഴുവൻ ചെലവും അഞ്ചു വർഷക്കാലത്തേക്ക് കേന്ദ്രത്തിൽ നിന്നും വഹിച്ചുകൊള്ളുമെന്നതുകൊണ്ടും ഹിന്ദി അദ്ധ്യാപകരുടെ പരിശീലനത്തിനായി ട്രെയിനിംഗ് കോളേജുകളുടെ മാതൃകയിലും പദവിയിലും ഉള്ള സ്ഥാപനങ്ങൾ തന്നെ നടത്തണമെന്ന് അന്ന് കേന്ദ്രത്തിൽ നിന്നും നിഷ്കർഷിച്ചിരുന്നതിനാലും മാത്രമാണ് ഹിന്ദിക്ക് മാത്രമായി ട്രെയിനിംഗ് കോളേജുകൾ നടത്തിവന്നത്. അഞ്ചു വർഷത്തിനുശേഷം ഈ സ്ഥാപനങ്ങളുടെ മുഴുവൻ ഭാരവും സംസ്ഥാന ഗവൺമെൻറിൻെറ ചുമലിൽ പതിയുമെന്ന പശ്ചാത്തലത്തിൽ ഇതരഭാഷാദ്ധ്യാപകന്മാരെ അപേക്ഷിച്ച് ഹിന്ദി അദ്ധ്യാപകർക്ക് മാത്രമായി ഇപ്രകാരം പ്രത്യേകം പദവിയും ഭാരിച്ച പ്രവർത്തനച്ചെലവും ഉള്ള കോളേജുകൾ തുടർന്ന് നടത്തുന്നത് ആശാസ്യമല്ലെന്ന് ഗവൺമെൻറ് കരുതി. ഇക്കാരണത്താൽ കേന്ദ്രഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly